പതിനാലാം കേരള നിയമസഭ

പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2701 — 13.03.2020 ൽ മറുപടിക്ക്

## സംസ്ഥാന റെയിൽവേ വികസനം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.കെ.ജെ. മാക്സി | | ശ്രീ. ജി.സുധാകരൻ<br>(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) | |
| (എ) | റെയിൽവേ വികസനത്തിലും പുതിയ ട്രെയിനുകളുടെ ലഭ്യതയിലും സംസ്ഥാനത്തെ അവഗണിച്ചും സംസ്ഥാന റെയിൽവേയുടെ പ്രധാന ഭാഗങ്ങൾ മറ്റ് സംസ്ഥാന ഡിവിഷനുകളിൽ ഉൾപ്പെടുത്തിയും നിർമ്മാണ പ്രവർത്തനങ്ങൾ വൈകിപ്പിച്ചും നടത്തുന്ന കേന്ദ്ര സർക്കാരിന്റേയും റെയിൽവേ മന്ത്രാലയത്തിന്റേയും പ്രവർത്തനങ്ങൾ ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) യും (ബി) യും (സി) യും | കേരളത്തോടുള്ള കേന്ദ്ര സർക്കാരിന്റെയും റെയിൽവേ മന്ത്രാലയത്തിന്റെയും അവഗണന അവസാനിപ്പിച്ച് പാത ഇരട്ടിപ്പിക്കൽ, വൈദ്യുതവൽക്കരണം, സിഗ്നൽ പരിഷ്കരണം, റെയിൽ കോച്ച് ഫാക്ടറി തുടങ്ങിയ ആവശ്യങ്ങളോടൊപ്പം ജില്ലാ കേന്ദ്രങ്ങളിലെ റെയിൽവേ സ്റ്റേഷനുകൾ ആധുനിക സൗകര്യങ്ങളോടുകൂടി നവീകരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്രത്തോട് അഭ്യർത്ഥിച്ചിട്ടുണ്ട്. കേരളത്തിന്റെ പ്രധാന റെയിൽവേ പദ്ധതികൾ ദീർഘകാലമായി നീണ്ടു പോകുന്ന സാഹചര്യത്തിൽ കേരളത്തിന് മാത്രമായൊരു റെയിൽവേ സോൺ, ആവശ്യപ്പെട്ടിട്ടുണ്ട്. തിരുവനന്തപുരം-തിരുനെൽവേലി പാതയും നാഗർകോവിൽ - കന്യാകുമാരി പാതയും തിരുവനന്തപുരം ഡിവിഷനിൽ നിന്നും വേർപെടുത്തി മധുരൈ ഡിവിഷന്റെ ഭാഗമാക്കുന്നതിനും, തിരുവനന്തപുരം റെയിൽവേ സ്റ്റേഷന്റെ സാറ്റലൈറ്റ് സ്റ്റേഷനായി വികസിച്ചു വരുന്ന നേമം സ്റ്റേഷനെ വേർപെടുത്താനുള്ള ചില നീക്കങ്ങൾ ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന്, ഈ വിഷയത്തിൽ ഇടപെടണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുകയുണ്ടായി.<br><br>ആവശ്യത്തിന് പുതിയ വണ്ടികൾ അനുവദിക്കാത്തതും ഉള്ളവയിലെ കോച്ചുകൾ കുറച്ചതും സംസ്ഥാനത്ത് ട്രെയിൻ യാത്ര ദുസ്സഹമാക്കിയ കാര്യം കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പഴക്കം ചെന്നതും ഉപയോഗയോഗ്യമല്ലാത്തതും ആയ കോച്ചുകൾ മാറ്റി, ആധുനിക സൗകര്യങ്ങളോടുകൂടിയ LHB കോച്ചുകൾ ഉള്ള ട്രെയിൻ ഓടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടിരുന്നു. കേരളത്തിൽ നിന്നും വർദ്ധിച്ച തോതിലുള്ള യാത്ര ആവശ്യവും പരിഗണിച്ചും, വിവിധ ട്രെയിനുകളുടെ |
| (ബി) | തലസ്ഥാനത്തെ സാറ്റലൈറ്റ് സ്റ്റേഷനാക്കാൻ പരിഗണിച്ച നേമം ഉൾപ്പെടെ സംസ്ഥാനത്തെ പ്രധാന സ്റ്റേഷനുകളുടെ വികസനത്തിൽ കേന്ദ്ര സർക്കാരും റെയിൽവേയും കാണിക്കുന്ന അവഗണന ശ്രദ്ധയിൽപ്പെട്ടുവോ; | | |
| (സി) | എങ്കിൽ ഇവിടങ്ങളിലെ റെയിൽവേ വികസനം നേടിയെടുക്കുന്നതിനായി ഈ സർക്കാർ എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ? | | |

| | | |
|---|---|---|
| | | സമയമാറ്റം മൂലം യാത്രക്കാർക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് കണക്കിലെടുത്തും, പുതിയ ട്രെയിനുകൾ ആരംഭിക്കുന്നതിനും, സമയപട്ടിക പൂർവ്വ സ്ഥിതിയിൽ ആക്കണമെന്നും കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br>കേരളത്തോടുള്ള റെയിൽവേയുടെ അവഗണന അവസാനിപ്പിക്കണമെന്നും സംസ്ഥാനത്തിന്റെ ആവശ്യങ്ങളിൽ അനുകൂല നിലപാട് കൈക്കൊള്ളണമെന്നും ബഹു. മുഖ്യമന്ത്രിയും, സംസ്ഥാനത്തെ റെയിൽവേയുടെ ചുമതലയുള്ള മന്ത്രിയും കേന്ദ്ര റെയിൽവേ മന്ത്രിയോട് അഭ്യർത്ഥിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ